**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 49** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. ഇടനാഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വിവരസാങ്കേതിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ദേശീയപാത 66 ന് സമാന്തരമായി ഐ.ടി ഇടനാഴികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്.<br><br>തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം വരെ, ചേർത്തല മുതൽ എറണാകുളം വരെ, എറണാകുളം മുതൽ കൊരട്ടി വരെ, കോഴിക്കോട് മുതൽ കണ്ണൂർ വരെ NH-66 ന് സമാന്തരമായി IT പാർക്കിന് അനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി IT പാർക്ക് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | എങ്കിൽ ഇവ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നതെന്നും ഏത് തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം വരെ, ചേർത്തല മുതൽ എറണാകുളം വരെ, എറണാകുളം മുതൽ കൊരട്ടി വരെ, കോഴിക്കോട് മുതൽ കണ്ണൂർ വരെ NH-66 ന് സമാന്തരമായി IT പാർക്കിന് അനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി IT പാർക്ക് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഐ.ടി. ഇടനാഴികളുടെ പ്രവർത്തനം വിശദമാക്കുമോ; ഇതിലൂടെ വിവരസാങ്കേതിക രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | 4-വരിപ്പാതയായി വികസിപ്പിക്കുന്ന ദേശീയപാത 66-ന് സമാന്തരമായ നാല് ഐ.ടി. ഇടനാഴികൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നാല് ഇടനാഴികളും സംസ്ഥാനത്തെ നിലവിലുള്ള ഐ.ടി. കേന്ദ്രങ്ങളിൽ നിന്ന് ഉത്ഭവിക്കും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ നിന്ന് കൊല്ലത്തേക്ക്, എറണാകുളത്ത് നിന്ന് കൊരട്ടിയിലേക്ക്, എറണാകുളത്ത് നിന്ന് ചേർത്തലയിലേക്ക്, കോഴിക്കോട് നിന്ന് കണ്ണൂരിലേക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ. കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കും. ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം നിർമ്മിക്കും. ടെക്നോപാർക്ക് ഫേസ് III എറണാകുളം, |

| | | | |
|---|---|---|---|
| | | | കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് NH 66-ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട ഇടനാഴികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 15-25 ഏക്കർ ഭൂമി പൊന്നും വിലയ്ക്ക് വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കും. നിർദ്ദിഷ്ട ഐ.ടി. ഇടനാഴികളിലാണ് 5 ജി ലീഡർഷിപ്പ് പാക്കേജ് തുടക്കത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി കേരളത്തിന്റെ ഐ.ടി. മാനവ വിഭവ ശേഷി പരമാവധി സംസ്ഥാനത്ത് തന്നെ വിനിയോഗിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് 2 ലക്ഷം തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ഡി) | ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ഡി) | കൊല്ലം, കണ്ണൂർ, ഐ.ടി. പാർക്കുകളും മറ്റ് പ്രദേശങ്ങളിലെ പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ നിന്ന് 1000 കോടി വകയിരുത്തുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ